# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554


പി.ആർ.ഒ./39/183/2018 2018 ആഗസ്റ്റ് 23

## പത്രക്കുറിപ്പ്

**പരീക്ഷകൾ മാറ്റി**

2018 ആഗസ്റ്റ് 30നും 31നും നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം), ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (റീഅപ്പിയറൻസ് - 2013ന് മുമ്പുള്ള അഡ്മിഷൻ) & നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (റീഅപ്പിയറൻസ് - 2013ന് മുമ്പുള്ള അഡ്മിഷൻ & മേഴ്സി ചാൻസ്), മൂന്നാം വർഷ ബി.എസ്.സി. എം.ആർ.ടി. (2016ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി, മൂന്നാം വർഷ ബി.പി.ടി. (2008 മുതൽ അഡ്മിഷൻ - സപ്ലിമെന്ററി), ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റ് മാത്രം), ഒന്നാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റ് മാത്രം) & 2017 അഡ്മിഷൻ റഗുലർ & 2009-2016 അഡ്മിഷൻ സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകൾ & ഡിപ്പാർട്ട്മെന്റ്) എന്നീ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്. മറ്റ് പരീക്ഷകളുടെ തീയതികൾക്ക് മാറ്റമില്ല.

**തീയതി നീട്ടി**

കോട്ടയം ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ അവസാന വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി പരീക്ഷയുടെ റീവാല്യുവേഷന് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 4 വരെ നീട്ടി.

**പ്രൈവറ്റ് ബി.എ./ബി.കോം അപേക്ഷാ തീയതി**

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷന്റെ കീഴിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ - 2017 അഡ്മിഷൻ സി.ബി.സി.എസ്. റഗുലർ/ 2017ന് മുമ്പുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബറിൽ നടത്തും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 7 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 30 രൂപ വീതം (സെമസ്റ്ററിന് പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. അപേക്ഷാഫോറം സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫോമിന്റെ വിലയായി 25 രൂപ പരീക്ഷാഫീസിനൊപ്പം അടയ്ക്കേണ്ടതാണ്. ഫീസ് epay.mgu.ac.in എന്ന വെബ് സൈറ്റ് വഴി അടയ്ക്കേണ്ടതാണ്. ബി.എ. അപേക്ഷകൾ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ IVനും ബി.കോം അപേക്ഷകൾ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ Xനും നേരിട്ട് സമർപ്പിക്കേണ്ടതാണ്.

**പ്രാക്ടിക്കൽ**

2018 ജൂൺ/ജൂലൈ മാസങ്ങളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. കഥകളി സംഗീതം (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 4, 5 തീയതികളിൽ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് : അപേക്ഷ ക്ഷണിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠനവകുപ്പുകളിലും സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും മുഴുവൻ സമയ പി.എച്ച്.ഡി. ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷകരിൽ നിന്നും 2018-19 വർഷത്തേക്കുള്ള സർവ്വകലാശാലാ ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് (100 പേർക്ക്)

നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിച്ചു. പ്രതിമാസം 12000/- രൂപയാണ് ഫെല്ലോഷിപ്പ് തുക. മൂന്ന് വർഷമാണ് ഫെലോഷിപ്പ് കാലാവധി. എന്നാൽ, തികച്ചും അർഹരായവർക്ക് ഗവേഷണ പുരോഗതിയുടെ അടിസ്ഥാനത്തിലും ഗവേഷണ മാർഗ്ഗദർശിയുടെയും സ്ഥാപനമേധാവിയുടെയും സിൻഡിക്കേറ്റ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റികളുടെയും ശുപാർശകളുടെ അടിസ്ഥാനത്തിലും ഫെല്ലോഷിപ്പ് കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതാണ്. വിശദവിവരങ്ങളും അപേക്ഷാഫോറം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തീയതി സെപ്റ്റംബർ 29.

**സ്പോർട്സ് സ്കോളർഷിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2016-17 & 2017-18 വർഷങ്ങളിലെ സ്പോർട്സ് സ് കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെപ്റ്റംബർ 15ന് മുമ്പായി ഫിസിക്കൽ എജ്യൂക്കേഷൻ & സ്പോർട്സ് സയൻസസിന്റെ ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കണം. അപേക്ഷാഫോറത്തിന്റെ മാതൃക സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2018 ഏപ്രിൽ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

2018 ഏപ്രിൽ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് റഗുലർ, മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് (സപ്ലിമെന്ററി) മെഡിക്കൽ ഡോക്യുമെന്റേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

2018 ജൂലൈ മാസത്തിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**അക്കാദമിക് കൗൺസിൽ യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ അക്കാദമിക് കൗൺസിലിന്റെ യോഗം സെപ്റ്റംബർ 29ന് രാവിലെ 10 മണിക്ക് സർവ്വകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. യോഗത്തിൽ പ്രമേയം അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ ഒരു പ്രമേയം സെപ്റ്റംബർ 7ന് മുമ്പ് രജിസ്ട്രാറുടെ പക്കൽ എത്തിക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**